# ക്രിസ്തുവിനെ അനുഭവമാക്കുകയും, ആസ്വദിക്കുകയും, ആവിഷ്കരിക്കുകയും ചെയ്യുക (1)

ദൂത് എട്ട്

## കൂടാരവിരുന്നായും ജീവജലനദികളെന്ന നിലയിൽ വിശ്വാസികളിൽനിന്ന് ഒഴുകുന്ന ആത്മാവായും ക്രിസ്തു

JL *Hymns*: ML96, ML252

തിരുവെഴുത്ത് വായന: യോഹ. 7:2, 37-39; ലേവ്യ 23:39-43

യോഹ. 7:2 യെഹൂദന്മാരുടെ കൂടാരവിരുന്ന്, സമീപമായിരുന്നു.

യോഹ. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ് വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

ലേവ്യ. 23:39 ഭൂമിയുടെ ഫലം ശേഖരിച്ചശേഷം ഏഴാം മാസം പതിനഞ്ചാം തിയ്യതി യഹോവെക്കു ഏഴുദിവസം ഉത്സവം ആചരിക്കേണം; ആദ്യദിവസം വിശുദ്ധസ്വസ്ഥത; എട്ടാം ദിവസം വിശുദ്ധസ്വസ്ഥത.

ലേവ്യ. 23:40 ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും തഴെച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആറ്റലരിയും എടുത്തുകൊണ്ടു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴു ദിവസം സന്തോഷിക്കേണം.

ലേവ്യ. 23:41 സംവത്സരംതോറും ഏഴു ദിവസം യഹോവെക്കു ഈ ഉത്സവം ആചരിക്കേണം; ഇതു തലമുറതലമുറയായി നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം; ഏഴാം മാസത്തിൽ അതു ആചരിക്കേണം.

ലേവ്യ. 23:42 ഞാൻ യിസ്രായേൽമക്കളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്നപ്പോൾ

ലേവ്യ. 23:43 അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു നിങ്ങളുടെ സന്തതികൾ അറിവാൻ നിങ്ങൾ ഏഴു ദിവസം കൂടാരങ്ങളിൽ പാർക്കേണം; യിസ്രായേലിലെ സ്വദേശികൾ ഒക്കെയും കൂടാരങ്ങളിൽ പാർക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു.

### I. കൂടാരവിരുന്നായി നമുക്ക് ക്രിസ്തുവിനെ ആസ്വദിക്കുവാൻ കഴിയും—യോഹ. 7:2; ലേവ്യ. 23:39-43:

യോഹ. 7:2 യെഹൂദന്മാരുടെ കൂടാരവിരുന്ന്, സമീപമായിരുന്നു.

ലേവ്യ. 23:39 ഭൂമിയുടെ ഫലം ശേഖരിച്ചശേഷം ഏഴാം മാസം പതിനഞ്ചാം തിയ്യതി യഹോവെക്കു ഏഴുദിവസം ഉത്സവം ആചരിക്കേണം; ആദ്യദിവസം വിശുദ്ധസ്വസ്ഥത; എട്ടാം ദിവസം വിശുദ്ധസ്വസ്ഥത.

ലേവ്യ. 23:40 ആദ്യദിവസം ഭംഗിയുള്ള വൃക്ഷങ്ങളുടെ ഫലവും ഈത്തപ്പനയുടെ കുരുത്തോലയും തഴെച്ചിരിക്കുന്ന വൃക്ഷങ്ങളുടെ കൊമ്പും ആറ്റലരിയും എടുത്തുകൊണ്ടു നിങ്ങളുടെ ദൈവമായ യഹോവയുടെ സന്നിധിയിൽ ഏഴു ദിവസം സന്തോഷിക്കേണം.

ലേവ്യ. 23:41 സംവത്സരംതോറും ഏഴു ദിവസം യഹോവെക്കു ഈ ഉത്സവം ആചരിക്കേണം; ഇതു തലമുറതലമുറയായി നിങ്ങൾക്കു എന്നേക്കുമുള്ള ചട്ടം; ഏഴാം മാസത്തിൽ അതു ആചരിക്കേണം.

ലേവ്യ. 23:42 ഞാൻ യിസ്രായേൽമക്കളെ മിസ്രയീംദേശത്തുനിന്നു കൊണ്ടുവന്നപ്പോൾ

ലേവ്യ. 23:43 അവരെ കൂടാരങ്ങളിൽ പാർപ്പിച്ചു എന്നു നിങ്ങളുടെ സന്തതികൾ അറിവാൻ നിങ്ങൾ ഏഴു ദിവസം കൂടാരങ്ങളിൽ പാർക്കേണം; യിസ്രായേലിലെ സ്വദേശികൾ ഒക്കെയും കൂടാരങ്ങളിൽ പാർക്കേണം; ഞാൻ നിങ്ങളുടെ ദൈവമായ യഹോവ ആകുന്നു.

A. പെസഹാ വിരുന്ന് ക്രിസ്തുവിനെ നൈതികമായുള്ള ദൈവത്തിന്റെ വീണ്ടെടുപ്പിന്റെ പ്രാരംഭമെന്ന നിലയിൽ സൂചിപ്പിക്കുകയും, കൂടാരവിരുന്ന് ക്രിസ്തുവിനെ ജൈവികമായുള്ള ദൈവത്തിന്റെ പൂർണ രക്ഷയുടെ പരിണതിയെന്ന നിലയിൽ സൂചിപ്പിക്കുകയും ചെയ്യുന്നു—യോഹ. 6:4; 7:2; ലേവ്യ. 23:5, 34.

യോഹ. 6:4 യെഹൂദന്മാരുടെ വിരുന്നായ പെസഹ സമീപിച്ചിരുന്നു.

യോഹ. 7:2 യെഹൂദന്മാരുടെ കൂടാരവിരുന്ന്, സമീപമായിരുന്നു.

ലേവ്യ. 23:5 ഒന്നാംമാസം പതിന്നാലാം തിയ്യതി സന്ധ്യാസമയത്തു യഹോവയുടെ പെസഹ.

ലേവ്യ. 23:34 നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: ഏഴാം മാസം പതിനഞ്ചാം തിയ്യതിമുതൽ ഏഴു ദിവസം യഹോവെക്കു കൂടാരപ്പെരുനാൾ ആകുന്നു.

B. മരുഭൂമിയിലുള്ള തങ്ങളുടെ അലച്ചിലിൽ തങ്ങളുടെ പൂർവപിതാക്കന്മാർ കൂടാരങ്ങളിൽ ജീവിച്ചിരുന്നുവെന്ന് യിസ്രായേൽമക്കൾ ഓർക്കുന്നതിനുവേണ്ടി ദൈവം കൂടാരവിരുന്ന് നിയമിച്ചു; കൂടാരവിരുന്നിന്റെ ശീർഷകത്തിലെ *കൂടാരങ്ങൾ* എന്ന പദം ഓർമ്മപ്പെടുത്തലിന്റെ ചിന്തയെ വിവക്ഷിക്കുന്നു—ആവ. 16:13-15.

ആവ. 16:13 കളത്തിലെ ധാന്യവും ചക്കിലെ വീഞ്ഞും ശേഖരിച്ചുകഴിയുമ്പോൾ നീ ഏഴു ദിവസം കൂടാരപ്പെരുനാൾ ആചരിക്കേണം.

ആവ. 16:14 ഈ പെരുനാളിൽ നീയും നിന്റെ മകനും മകളും നിന്റെ ദാസനും ദാസിയും നിന്റെ പട്ടണങ്ങളിലുള്ള ലേവ്യനും പരദേശിയും അനാഥനും വിധവയും സന്തോഷിക്കേണം.

ആവ. 16:15 യഹോവ തിരഞ്ഞെടുക്കുന്ന സ്ഥലത്തുവെച്ചു നിന്റെ ദൈവമായ യഹോവെക്കു ഏഴു ദിവസം പെരുനാൾ ആചരിക്കേണം; നിന്റെ അനുഭവത്തിൽ ഒക്കെയും നിന്റെ കൈകളുടെ സകലപ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കും; അതുകൊണ്ടു നീ വേണ്ടുംവണ്ണം സന്തോഷിക്കേണം.

C. ദൈവത്തെ ആരാധിക്കുവാനും നല്ലദേശത്തിൽനിന്നുള്ള അവരുടെ വിളവ് ആസ്വദിക്കുവാനുമായി ഈ വിരുന്നിനു വേണ്ടി അവർ ഒത്തുച്ചേരുന്നത് സമന്വയനത്തിന്റെ ഒരു യഥാർഥ ചിത്രമാണ്.

D. കൂടാരവിരുന്നിന്റെ യാഥാർഥ്യം, നാം ദൈവത്തെ എങ്ങനെ അനുഭവിച്ചു എന്നതിന്റെയും ദൈവം എങ്ങനെ നമ്മോടുകൂടെ ജീവിച്ചു എന്നതിന്റെയും ഓർമ്മയിലുള്ള ആസ്വാദനത്തിന്റെ ഒരു സമയമാണ്.

E. നല്ല ദേശത്തിന്റെ വിളവായ ക്രിസ്തുവിന്റെ സമ്പത്ത് ആസ്വദിക്കുന്നതിന് സമന്വയത്തിനായുള്ള നമ്മുടെ സംഘാത കൂടിവരവിൽ ഇന്ന് കൂടാരവിരുന്നായി

നാം ക്രിസ്തുവിനെ ആസ്വദിക്കുന്നത്, നാം ഇപ്പോഴും മരുഭൂമിയിലാണെന്നും നിത്യകൂടാരമായ പുതിയ യെരൂശലേമിന്റെ വിശ്രമത്തിലേക്ക് നാം പ്രവേശിക്കേണ്ടതാവശ്യമാണെന്നും നമ്മെ ഓർമ്മപ്പെടുത്തുന്നു—വെളി. 21:2-3.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

F. പുതിയ യെരൂശലേം ദൈവത്തിന്റെ കൂടാരം എന്ന് വിളിക്കപ്പെടുന്നത്, ഭൂമിയിൽ അന്യരും പരദേശികളുമായി ജീവിക്കുകയും ദൈവത്തിന്റെയും മനുഷ്യന്റെയും പരസ്പര വാസസ്ഥലമായ ദൈവം-പണിത പട്ടണമായ നിത്യകൂടാരത്തെ പ്രതീക്ഷിച്ചുകൊണ്ട് പുതിയ യെരൂശലേമിന്റെ ഒന്നാം ഘട്ടത്തിലെ ജയാളികൾ തങ്ങളും കൂടാരങ്ങളിൽ എങ്ങനെ വസിച്ചുവെന്ന് ഓർക്കുവാൻ വേണ്ടിയാണ്—എബ്രാ. 11:9-10, 13:

എബ്രാ. 11:9 വിശ്വാസത്താൽ അവൻ, വാഗ്ദത്തദേശത്ത് അന്യദേശത്ത് എന്നപോലെ, അതേ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ തന്റെ ഭവനം ഒരുക്കി പരദേശിയായി പാർത്തു;

എബ്രാ. 11:10 എന്തെന്നാൽ ദൈവം ശിൽപ്പിയും നിർമാതാവുമായ, അടിസ്ഥാനങ്ങളുള്ള നഗരത്തിനായി, അവൻ ആകാംക്ഷയോടെ കാത്തിരുന്നു.

എബ്രാ. 11:13 ഇവർ എല്ലാവരും, വാഗ്ദത്തങ്ങൾ പ്രാപിക്കാതെ, ദൂരത്തുനിന്ന് അവയെ കണ്ടും അവയെ സന്തോഷത്തോടെ അഭിവന്ദിച്ചും ഭൂമിയിൽ അവർ അന്യരും പരദേശികളും ആയിരുന്നു എന്ന് ഏറ്റുപറഞ്ഞും വിശ്വാസത്തിൽ മരിച്ചു.

1. അബ്രാഹാമിന്റെ വിശ്വാസച്ചുവടുകളിൽ നാം നടക്കണമെങ്കിൽ, ക്രിസ്തുവിനെ നമ്മുടെ ജീവനായും സഭയെ നമ്മുടെ ജീവിതമായും എടുത്തുകൊണ്ട് നാം യാഗപീഠത്തിന്റെയും കൂടാരത്തിന്റെയും ജീവിതം നയിക്കണം—റോമ. 4:12; എബ്രാ. 11:9; ഉല്പ. 12:7-8; 13:3-4, 18:

റോമ. 4:12 പരിച്ഛേദന ഉള്ളവർക്ക് മാത്രമല്ല, അഗ്രചർമത്തിൽ നമ്മുടെ പിതാവായ അബ്രാഹാമിന് ഉണ്ടായിരുന്ന അതേ വിശ്വാസത്തിന്റെ കാലടികളിൽ നടക്കുന്നവർക്ക് അവൻ പരിച്ഛേദനക്കാരുടെ പിതാവാകേണ്ടതിനും ആകുന്നു.

എബ്രാ. 11:9 വിശ്വാസത്താൽ അവൻ, വാഗ്ദത്തദേശത്ത് അന്യദേശത്ത് എന്നപോലെ, അതേ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ തന്റെ ഭവനം ഒരുക്കി പരദേശിയായി പാർത്തു;

ഉല്പ. 12:7 യഹോവ അബ്രാമിന്നു പ്രത്യക്ഷനായി: നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്നു അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവെക്കു അവൻ അവിടെ ഒരു യാഗപീഠം

പണിതു.

ഉല്പ. 12:8 അവൻ അവിടെനിന്നു ബേഥേലിന്നു കിഴക്കുള്ള മലെക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവെക്കു ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു.

ഉല്പ. 13:3 അവൻ തന്റെ യാത്രയിൽ തെക്കുനിന്നു ബേഥേൽവരെയും ബേഥേലിന്നും ഹായിക്കും മദ്ധ്യേ തനിക്കു ആദിയിൽ കൂടാരം ഉണ്ടായിരുന്നതും താൻ ആദിയിൽ ഉണ്ടാക്കിയ യാഗപീഠമിരുന്നതുമായ സ്ഥലംവരെയും ചെന്നു.

ഉല്പ. 13:4 അവിടെ അബ്രാം യഹോവയുടെ നാമത്തിൽ ആരാധിച്ചു.

ഉല്പ. 13:18 അപ്പോൾ അബ്രാം കൂടാരം നീക്കി ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ വന്നു പാർത്തു; അവിടെ യഹോവെക്കു ഒരു യാഗപീഠം പണിതു.

a. ഒരു യാഗപീഠം പണിയുകയെന്നാൽ അതിനർഥം നമ്മുടെ ജീവിതം ദൈവത്തിനുവേണ്ടിയുള്ളതാണെന്നും, ദൈവം നമ്മുടെ ജീവനാണെന്നും, നമ്മുടെ ജീവിതത്തിന്റെ അർഥം ദൈവമാണെന്നും ആകുന്നു—പുറ. 40:6, 29; സങ്കീ. 43:4; ലേവ്യ. 1:3, 9.

പുറ. 40:6 സമാഗമനകൂടാരമെന്ന തിരുനിവാസത്തിന്റെ വാതിലിന്നു മുമ്പിൽ ഹോമയാഗപീഠം വെക്കേണം.

പുറ. 40:29 ഹോമയാഗപീഠം സമാഗമനകൂടാരമെന്ന തിരുനിവാസത്തിന്റെ വാതിലിന്നു മുൻവശത്തു വെക്കയും അതിന്മേൽ ഹോമയാഗവും ഭോജനയാഗവും അർപ്പിക്കയും ചെയ്തു. യഹോവ മോശെയോടു കല്പിച്ചതുപോലെ തന്നേ.

സങ്കീ. 43:4a ഞാൻ ദൈവത്തിന്റെ പീഠത്തിങ്കലേക്കു, എന്റെ പരമാനന്ദമായ ദൈവത്തിങ്കലേക്കു ചെല്ലും;...

ലേവ്യ. 1:3 അവൻ വഴിപാടായി കന്നുകാലികളിൽ ഒന്നിനെ ഹോമയാഗം കഴിക്കുന്നുവെങ്കിൽ ഊനമില്ലാത്ത ആണിനെ അർപ്പിക്കേണം; യഹോവയുടെ പ്രസാദം ലഭിപ്പാൻ തക്കവണ്ണം അവൻ അതിനെ സമാഗമനകൂടാരത്തിന്റെ വാതിൽക്കൽവെച്ചു അർപ്പിക്കേണം.

ലേവ്യ. 1:9 അതിന്റെ കുടലും കാലും അവൻ വെള്ളത്തിൽ കഴുകേണം. പുരോഹിതൻ സകലവും യാഗപീഠത്തിന്മേൽ ഹോമയാഗമായി ദഹിപ്പിക്കേണം; അതു യഹോവെക്കു സൗരഭ്യവാസനയായ ദഹനയാഗം..

b. ഒരു കൂടാരത്തിലുള്ള അബ്രാഹാമിന്റെ വാസം സാക്ഷ്യപ്പെടുത്തിയത്, അവൻ ലോകത്തിനുള്ളവനായിരുന്നില്ല, മറിച്ച് ഭൂമിയിൽ ഒരു പരദേശിയായി ജീവിച്ചു എന്നാണ്; ഒരു കൂടാരമടിക്കുന്നത് നാം ഈ ലോകത്തിനുള്ളവരല്ല, നാം മറ്റൊരു രാജ്യത്തിനുള്ളവരാണെന്നതിന്റെ ഒരു ആവിഷ്കാരം, ഒരു പ്രഖ്യാപനം ആണ്—എബ്രാ. 11:9-10, 15-16.

എബ്രാ. 11:9 വിശ്വാസത്താൽ അവൻ, വാഗ്ദത്തദേശത്ത് അന്യദേശത്ത് എന്നപോലെ, അതേ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും

കൂടെ കൂടാരങ്ങളിൽ തന്റെ ഭവനം ഒരുക്കി പരദേശിയായി പാർത്തു;

എബ്രാ. 11:10 എന്തെന്നാൽ ദൈവം ശിൽപ്പിയും നിർമാതാവുമായ, അടിസ്ഥാനങ്ങളുള്ള നഗരത്തിനായി, അവൻ ആകാംക്ഷയോടെ കാത്തിരുന്നു.

എബ്രാ. 11:15 അവർ പുറപ്പെട്ടുപോന്ന ആ ദേശത്തെ തുടർന്നും ഓർത്തു എങ്കിൽ, തീർച്ചയായും അവർക്കു മടങ്ങിപ്പോകുവാൻ അവസരം ഉണ്ടാകുമായിരുന്നു.

എബ്രാ. 11:16 ഇപ്പോഴോ അവർ മേന്മയേറിയ ദേശത്തെ, അതായത്, സ്വർഗീയമായ ഒന്നിനെ വാഞ്ഛിക്കുന്നു. അതുകൊണ്ട് ദൈവം, അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ, അവരെക്കുറിച്ചു ലജ്ജിക്കുന്നില്ല, അവൻ അവർക്കായി ഒരു പട്ടണം ഒരുക്കിയിരിക്കുന്നുവല്ലോ.

2. അബ്രാഹാമിന്റെ യഥാർഥ പിന്തുടർച്ചക്കാരെന്ന നിലയിൽ (ഗലാ. 3:7) അവൻ ചെയ്തതുപോലെ നമ്മുടെ കൂടാരം നീക്കുകയും അടിക്കുകയും ചെയ്തുകൊണ്ട് നാം ഭൂമിയിൽ പരദേശികളായിരിക്കണം (എബ്രാ. 11:9, 13; 1 പത്രൊ. 2:11).

   ഗലാ. 3:7 അങ്ങനെ വിശ്വാസത്താലുള്ളവരാകുന്നു അബ്രാഹാമിന്റെ പുത്രന്മാർ എന്ന് അറിഞ്ഞുകൊള്ളുവിൻ.

   എബ്രാ. 11:9 വിശ്വാസത്താൽ അവൻ, വാഗ്ദത്തദേശത്ത് അന്യദേശത്ത് എന്നപോലെ, അതേ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ തന്റെ ഭവനം ഒരുക്കി പരദേശിയായി പാർത്തു;

   എബ്രാ. 11:13 ഇവർ എല്ലാവരും, വാഗ്ദത്തങ്ങൾ പ്രാപിക്കാതെ, ദൂരത്തുനിന്ന് അവയെ കണ്ടും അവയെ സന്തോഷത്തോടെ അഭിവന്ദിച്ചും ഭൂമിയിൽ അവർ അന്യരും പരദേശികളും ആയിരുന്നു എന്ന് ഏറ്റുപറഞ്ഞും വിശ്വാസത്തിൽ മരിച്ചു.

   1 പത്രൊ. 2:11 പ്രിയരേ, ജാതികളുടെ ഇടയിൽ നിങ്ങളുടെ നടപ്പ് അതിശ്രേഷ്ഠമായിരുന്ന്, നിങ്ങളുടെ ദേഹിക്കെതിരായി യുദ്ധം ചെയ്യുന്ന ജഡിക മോഹങ്ങളെ വിട്ടകലുവാൻ അന്യരും പരദേശികളുമായ നിങ്ങളോട് ഞാൻ അപേക്ഷിക്കുന്നു,

3. അബ്രാഹാം തന്റെ ഒന്നാം യാഗപീഠം പണിതതിനുശേഷം (ഉല്പ. 12:7), അവൻ ബെഥേലിനും ഹായിക്കും ഇടയിൽ രണ്ടാമത്തെ യാഗപീഠം പണിതു, അത് പരസ്പരം വൈരുദ്ധ്യത്തിൽ നിൽക്കുന്നു (വാ. 8):

   ഉല്പ. 12:7 യഹോവ അബ്രാമിന്നു പ്രത്യക്ഷനായി: നിന്റെ സന്തതിക്കു ഞാൻ ഈ ദേശം കൊടുക്കുമെന്നു അരുളിച്ചെയ്തു. തനിക്കു പ്രത്യക്ഷനായ യഹോവെക്കു അവൻ അവിടെ ഒരു യാഗപീഠം പണിതു.

   ഉല്പ. 12:8 അവൻ അവിടെനിന്നു ബേഥേലിന്നു കിഴക്കുള്ള മലെക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം അടിച്ചു; അവിടെ അവൻ യഹോവെക്കു ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു.

a. *ബെഥേൽ* എന്നാൽ "ദൈവത്തിന്റെ ഭവനം" എന്നും *ഹായി* എന്നാൽ "അവശിഷ്ടങ്ങളുടെ കൂമ്പാരം" എന്നുമാണ് അർഥം.

b. വിളിക്കപ്പെട്ടവരുടെ ദൃഷ്ടിയിൽ സഭാജീവിതമായ ബഥേൽ മാത്രമാണ് ലാഭകരം; ബാക്കിയെല്ലാം അവശിഷ്ടങ്ങളുടെ കൂമ്പാരമാണ്.

4. അബ്രാഹാമിന് തന്റേതായ പരാജയങ്ങൾ ഉണ്ടായിരുന്നു, അവൻ യാഗപീഠവും കൂടാരവും ഉപേക്ഷിച്ചിരുന്നു; എങ്കിലും, അവനോടുകൂടെ ഒരു പ്രത്യുദ്ധാരം ഉണ്ടായിരുന്നു; കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചുകൊണ്ട് യാഗപീഠത്തിലേക്കും കൂടാരത്തിലേക്കും മടങ്ങിവരുന്ന വിഷയമാണ് പ്രത്യുദ്ധാരം—വാ. 9-10; 13:3-4; റോമ. 10:12-13; 12:1-2.

ഉല്പ. 12:9 അബ്രാം പിന്നെയും തെക്കോട്ടു യാത്രചെയ്തുകൊണ്ടിരുന്നു.

ഉല്പ. 12:10 ദേശത്തു ക്ഷാമം ഉണ്ടായി; ദേശത്തു ക്ഷാമം കഠിനമായി തീർന്നതുകൊണ്ടു അബ്രാം മിസ്രയീമിൽ ചെന്നുപാർപ്പാൻ അവിടേക്കു പോയി.

ഉല്പ. 13:3 അവൻ തന്റെ യാത്രയിൽ തെക്കുനിന്നു ബേഥേൽവരെയും ബേഥേലിന്നും ഹായിക്കും മദ്ധ്യേ തനിക്കു ആദിയിൽ കൂടാരം ഉണ്ടായിരുന്നതും താൻ ആദിയിൽ ഉണ്ടാക്കിയ യാഗപീഠമിരുന്നതുമായ സ്ഥലംവരെയും ചെന്നു.

ഉല്പ. 13:4 അവിടെ അബ്രാം യഹോവയുടെ നാമത്തിൽ ആരാധിച്ചു.

റോമ. 10:12 യെഹൂദനും യവനനും തമ്മിൽ യാതൊരു വ്യത്യാസവും ഇല്ല, ഒരേ കർത്താവുതന്നെ എല്ലാവരുടെയും കർത്താവും, അവനെ വിളിച്ചപേക്ഷിക്കുന്ന എല്ലാവർക്കും സമ്പന്നനും ആകുന്നു;

റോമ. 10:13 "കർത്താവിന്റെ നാമത്തെ വിളിച്ചപേക്ഷിക്കുന്ന ഏവനും രക്ഷിക്കപ്പെടും."

റോമ. 12:1 അതുകൊണ്ട് സഹോദരന്മാരേ, ദൈവത്തിന്റെ മനസ്സലിവുകളിലൂടെ നിങ്ങളുടെ ശരീരങ്ങളെ വിശുദ്ധവും, ദൈവത്തിന് സുപ്രസാദകരവുമായ, ജീവനുള്ള യാഗമായി അർപ്പിക്കുവാൻ ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു, അത് നിങ്ങളുടെ ബുദ്ധിപൂർവകമായ സേവനം ആകുന്നുവല്ലോ.

റോമ. 12:2 ഈ യുഗത്തിനൊത്തവണ്ണം പരിഷ്കൃതരാകാതെ, നല്ലതും സുപ്രസാദകരവും തികഞ്ഞതുമായ ദൈവഹിതം എന്തെന്ന് നിങ്ങൾ തെളിയിക്കേണ്ടതിന് മനസ്സിന്റെ പുതുക്കത്താൽ രൂപാന്തരപ്പെടുവിൻ.

5. ഒടുവിൽ, ഹെബ്രോനിൽവച്ച് അബ്രാഹാമിന്റെ കൂടാരം, ദൈവവുമായി അവൻ കൂട്ടായ്മ ആചരിച്ചതും ദൈവത്തിന് അവനുമായി കൂട്ടായ്മ ആചരിക്കുവാൻ കഴിയുന്നതുമായ ഒരു സ്ഥലമായിത്തീർന്നു—ഉല്പ. 13:18.

ഉല്പ. 13:18 അപ്പോൾ അബ്രാം കൂടാരം നീക്കി ഹെബ്രോനിൽ മമ്രേയുടെ തോപ്പിൽ വന്നു പാർത്തു; അവിടെ യഹോവെക്കു ഒരു യാഗപീഠം പണിതു.

6. അബ്രാഹാം ഉണ്ടാക്കിയ യാഗപീഠത്തോടുകൂടിയ അവന്റെ കൂടാരം, യിസ്രായേൽ മക്കൾ ഉണ്ടാക്കിയ യാഗപീഠത്തോടുകൂടിയ സാക്ഷ്യകൂടാരത്തിന്റെ ഒരു പ്രതിരൂപമായിരുന്നു—പുറ. 38:21.

പുറ. 38:21 മോശെയുടെ കല്പന അനുസരിച്ചു പുരോഹിതനായ അഹരോന്റെ മകൻ ഈഥാമാർ മുഖാന്തരം ലേവ്യരുടെ ശുശ്രൂഷയാൽ കണക്കു കൂട്ടിയതുപോലെ സാക്ഷ്യകൂടാരമെന്ന തിരുനിവാസത്തിന്നുണ്ടായ ചെലവു എന്തെന്നാൽ:

7. അന്യനും പരദേശിയുമായ അബ്രാഹാം, “ദൈവം ശില്പിയും നിർമ്മാതാവുമായ അടിസ്ഥാനങ്ങളുള്ള നഗരത്തിനായി ആകാംക്ഷയോടെ കാത്തിരുന്നു”—എബ്രാ. 11:9-10, 12-16.

എബ്രാ. 11:9 വിശ്വാസത്താൽ അവൻ, വാഗ്ദത്തദേശത്ത് അന്യദേശത്ത് എന്നപോലെ, അതേ വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ യിസ്ഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ തന്റെ ഭവനം ഒരുക്കി പരദേശിയായി പാർത്തു;

എബ്രാ. 11:10 എന്തെന്നാൽ ദൈവം ശിൽപ്പിയും നിർമാതാവുമായ, അടിസ്ഥാനങ്ങളുള്ള നഗരത്തിനായി, അവൻ ആകാംക്ഷയോടെ കാത്തിരുന്നു.

എബ്രാ. 11:12 അതുകൊണ്ട് ഒരുവനിൽ നിന്ന്, അതും മരിച്ചവനായിത്തീർന്നവനിൽ നിന്ന്, പെരുപ്പത്തിൽ ആകാശത്തിലെ നക്ഷത്രങ്ങൾ പോലെയും കടൽക്കരയിലെ എണ്ണിക്കൂടാത്ത മണൽ പോലെയും അത്രയും പേർ ജനിച്ചു.

എബ്രാ. 11:13 ഇവർ എല്ലാവരും, വാഗ്ദത്തങ്ങൾ പ്രാപിക്കാതെ, ദൂരത്തുനിന്ന് അവയെ കണ്ടും അവയെ സന്തോഷത്തോടെ അഭിവന്ദിച്ചും ഭൂമിയിൽ അവർ അന്യരും പരദേശികളും ആയിരുന്നു എന്ന് ഏറ്റുപറഞ്ഞും വിശ്വാസത്തിൽ മരിച്ചു.

എബ്രാ. 11:14 ഇങ്ങനെ പറയുന്നവർ തങ്ങളുടെ സ്വന്ത ദേശം അന്വേഷിക്കുന്നതായി അത് വെളിവാക്കുന്നു.

എബ്രാ. 11:15 അവർ പുറപ്പെട്ടുപോന്ന ആ ദേശത്തെ തുടർന്നും ഓർത്തു എങ്കിൽ, തീർച്ചയായും അവർക്കു മടങ്ങിപ്പോകുവാൻ അവസരം ഉണ്ടാകുമായിരുന്നു.

എബ്രാ. 11:16 ഇപ്പോഴോ അവർ മേന്മയേറിയ ദേശത്തെ, അതായത്, സ്വർഗീയമായ ഒന്നിനെ വാഞ്ഛിക്കുന്നു. അതുകൊണ്ട് ദൈവം, അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ, അവരെക്കുറിച്ചു ലജ്ജിക്കുന്നില്ല, അവൻ അവർക്കായി ഒരു പട്ടണം ഒരുക്കിയിരിക്കുന്നുവല്ലോ.

8. അബ്രാഹാമിന്റെ കൂടാരം ആത്യന്തികമായ ദൈവത്തിന്റെ കൂടാരമായ, ആത്യന്തിക കൂടാരമായ പുതിയ യെരൂശലേമിന്റെ ഒരു ചെറുപതിപ്പ് ആയിരുന്നു—ഉല്പ. 9:26-27; 12:8; 13:3; 18:1; വെളി. 21:2-3.

ഉല്പ. 9:26 ശേമിന്റെ ദൈവമായ യഹോവ സ്തുതിക്കപ്പെട്ടവൻ; കനാൻ അവരുടെ ദാസനാകും.

ഉല്പ. 9:27 ദൈവം യാഫെത്തിനെ വർദ്ധിപ്പിക്കട്ടെ; അവൻ ശേമിന്റെ കൂടാരങ്ങളിൽ വസിക്കും; കനാൻ അവരുടെ ദാസനാകും എന്നും അവൻ പറഞ്ഞു.

ഉല്പ. 12:8 അവൻ അവിടെനിന്നു ബേഥേലിന്നു കിഴക്കുള്ള മലെക്കു പുറപ്പെട്ടു; ബേഥേൽ പടിഞ്ഞാറും ഹായി കിഴക്കുമായി കൂടാരം

അടിച്ചു; അവിടെ അവൻ യഹോവെക്കു ഒരു യാഗപീഠം പണിതു യഹോവയുടെ നാമത്തിൽ ആരാധിച്ചു.

ഉല്പ. 13:3 അവൻ തന്റെ യാത്രയിൽ തെക്കുനിന്നു ബേഥേൽവരെയും ബേഥേലിന്നും ഹായിക്കും മദ്ധ്യേ തനിക്കു ആദിയിൽ കൂടാരം ഉണ്ടായിരുന്നതും താൻ ആദിയിൽ ഉണ്ടാക്കിയ യാഗപീഠമിരുന്നതുമായ സ്ഥലംവരെയും ചെന്നു.

ഉല്പ. 18:1 അനന്തരം യഹോവ അവന്നു മമ്രേയുടെ തോപ്പിൽവെച്ചു പ്രത്യക്ഷനായി; വെയിലുറെച്ചപ്പോൾ അവൻ കൂടാരവാതിൽക്കൽ ഇരിക്കയായിരുന്നു.

വെളി. 21:2 പുതിയ യെരൂശലേം എന്ന വിശുദ്ധനഗരം, അവളുടെ ഭർത്താവിനായി അലങ്കരിക്കപ്പെട്ട മണവാട്ടിയായി ഒരുക്കപ്പെട്ട്, സ്വർഗത്തിൽനിന്ന് ദൈവത്തിന്റെ പക്കൽനിന്ന് ഇറങ്ങിവരുന്നതു ഞാൻ കണ്ടു.

വെളി. 21:3 സിംഹാസനത്തിൽനിന്ന് ഞാൻ ഉച്ചത്തിൽ പറഞ്ഞുകേട്ടത്, ഇതാ, മനുഷ്യരോടുകൂടെ ദൈവത്തിന്റെ കൂടാരം, അവൻ അവരോടുകൂടെ കൂടാരമടിക്കും, അവർ അവന്റെ ജനങ്ങളായിരിക്കും, ദൈവം താൻ അവരോടുകൂടെ ആയിരുന്ന് അവരുടെ ദൈവമായിരിക്കും.

9. സഭാജീവിതത്തിന്റെ "കൂടാരത്തിൽ" നാം ജീവിക്കുമ്പോൾ, അതിന്റെ ആത്യന്തികമായ പരിണതിക്കായി—പുതിയ യെരൂശലേം എന്ന ആത്യന്തിക "സമാഗമകൂടാര"ത്തിനായി നാം കാത്തിരിക്കുന്നു—1 തിമൊ. 3:15; ലേവ്യ. 1:1; എബ്രാ. 11:10.

1 തിമൊ. 3:15 എന്നാൽ ഞാൻ താമസിച്ചുപോയാൽ, സത്യത്തിന്റെ തൂണും അടിസ്ഥാനവുമായ, ജീവനുള്ള ദൈവത്തിന്റെ സഭയാകുന്ന ദൈവ ഭവനത്തിൽ ഒരുവൻ തന്നെത്താൻ നടത്തേണ്ടത് എങ്ങനെ എന്ന് നീ അറിയേണ്ടതിനു ഞാൻ എഴുതുന്നു.

ലേവ്യ. 1:1 യഹോവ സമാഗമനകൂടാരത്തിൽവെച്ചു മോശെയെ വിളിച്ചു അവനോടു അരുളിച്ചെയ്തതു:

എബ്രാ. 11:10 എന്തെന്നാൽ ദൈവം ശിൽപ്പിയും നിർമാതാവുമായ, അടിസ്ഥാനങ്ങളുള്ള നഗരത്തിനായി, അവൻ ആകാംക്ഷയോടെ കാത്തിരുന്നു.

G. കൂടാരവിരുന്ന് പുതിയ യെരൂശലേമിന്റെ ആസ്വാദനമാണ്, അത് ജയാളികൾക്കുള്ള ഒരു പ്രതിഫലമായി സഹസ്രാബ്ദ രാജ്യത്തിലെ ആദ്യഫലമായിരിക്കുവാൻ ആദ്യം പരിണതമാകുകയും അതിനുശേഷം തികഞ്ഞവരാക്കപ്പെട്ട എല്ലാ വിശ്വാസികൾക്കും ദൈവത്തിന്റെ പൂർണ രക്ഷയുടെ പൂർണ ആസ്വാദനമായി പുതിയ ആകാശത്തിലും പുതിയ ഭൂമിയിലുമായിരിക്കുവാൻ ഒടുവിൽ പരിണമിക്കുകയും ചെയ്യും.

**II. ജീവൻ പകരുവാനും ജീവജലത്തിന്റെ നദികളായി പുറത്തേക്ക് ഒഴുകുന്നതിന് തന്റെ വിശ്വാസികളിലേക്ക് പ്രവേശിക്കുവാനും ഒടുക്കത്തെ ആദാമായ ക്രിസ്തു അവന്റെ പുനരുത്ഥാനത്തിലൂടെയും പുനരുത്ഥാനത്തിലും ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു—യോഹ. 7:37-39; വെളി. 21:6; 22:17:**

യോഹ. 7:37 വിരുന്നിന്റെ മഹാനാളായ, ഒടുക്കത്തെ നാളിൽ, യേശു എഴുന്നേറ്റ്

വിളിച്ചുപറഞ്ഞത്, ദാഹിക്കുന്നവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ.

യോഹ. 7:38 തിരുവെഴുത്ത് പറഞ്ഞതുപോലെ, എന്നിലേക്കു വിശ്വസിക്കുന്നവന്റെ ഏറ്റവും ഉള്ളിലെ ആളത്തത്തിൽനിന്ന് ജീവജലനദികൾ ഒഴുകും.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

വെളി. 21:6 അവൻ എന്നോട്, അവ സംഭവിച്ചുതീർന്നു. ഞാൻ അൽഫയും ഓമേഗയും, ആദിയും അന്തവും ആകുന്നു. ദാഹിക്കുന്നവനു സൗജന്യമായി ജീവജലത്തിന്റെ ഉറവിൽനിന്നു ഞാൻ നൽകും.

വെളി. 22:17 വരിക! എന്ന് ആത്മാവും മണവാട്ടിയും പറയുന്നു. കേൾക്കുന്നവനും വരിക! എന്ന് പറയട്ടെ; ദാഹിക്കുന്നവൻ വരട്ടെ; ഇച്ഛിക്കുന്നവൻ ജീവജലം സൗജന്യമായി എടുക്കട്ടെ.

A. ജീവൻ-നൽകുന്ന ആത്മാവ് പരിണതിപ്രാപിച്ച ആത്മാവാണ്, പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തിന്റെ പരിണതിയാണ്—2 കൊരി. 3:17-18; ഗലാ. 3:14; ഫിലി. 1:19:

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

ഗലാ. 3:14 അത് അബ്രാഹാമിന്റെ അനുഗ്രഹം ക്രിസ്തു യേശുവിൽ ജാതികൾക്ക് വരേണ്ടതിന്, നാം വിശ്വാസത്താൽ ആത്മാവ് എന്ന വാഗ്ദത്തം പ്രാപിക്കേണ്ടതിനാകുന്നു.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

1. ജഡാവതാരം, മനുഷ്യജീവിതം, ക്രൂശുമരണം, പുനരുത്ഥാനം എന്നീ പ്രക്രിയകളിലൂടെ കടന്നുപോയതിനുശേഷമുള്ള ത്രിയേക ദൈവമാണ് പരിണതിപ്രാപിച്ച ആത്മാവ്—യോഹ. 7:39:

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

a. ആത്മാവായിത്തീരുവാൻ ത്രിയേക ദൈവം കടന്നുപോയ പ്രക്രിയ വ്യവസ്ഥാപരമായ വിഷയമാണ്, സാരാംശാപരമായതല്ല—1:14; എബ്രാ. 9:14; 1 കൊരി. 15:45.

യോഹ. 1:14 വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

എബ്രാ. 9:14 നിത്യാത്മാവിലൂടെ നിഷ്കളങ്കനായി തന്നെത്താൻ

ദൈവത്തിന് അർപ്പിച്ച ക്രിസ്തുവിന്റെ രക്തം, ജീവനുള്ള ദൈവത്തെ സേവിക്കുവാൻ നമ്മുടെ മനസ്സാക്ഷിയെ നിർജീവ പ്രവൃത്തികളിൽനിന്ന് എത്രയധികം ശുദ്ധീകരിക്കും?

1 കൊരി. 15:45b ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

b. *പ്രക്രിയാവിധേയനായി* എന്നത് ദിവ്യ വ്യവസ്ഥയിൽ ത്രിയേക ദൈവം കടന്നുപോയ പടികളെ സൂചിപ്പിക്കുന്നു; *പരിണതിപ്രാപിച്ചു* എന്നത് പ്രക്രിയ പൂർത്തിയാക്കി എന്നു സൂചിപ്പിക്കുന്നു; *പരിണതിപ്രാപിച്ച ആത്മാവ്* എന്നത് ദൈവത്തിന്റെ ആത്മാവ് പ്രക്രിയാവിധേയനാകുകയും പരിണതിപ്രാപിച്ച ആത്മാവായിത്തീരുകയും ചെയ്തു എന്നു സൂചിപ്പിക്കുന്നു—യോഹ. 7:39.

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

2. കർത്താവായ യേശു ക്രൂശിക്കപ്പെടുകയും ഉയിർത്തെഴുന്നേൽക്കുകയും ചെയ്യുന്നതിനുമുമ്പ്, പരിണതിപ്രാപിച്ച ആത്മാവ് "അതുവരെ ഇല്ലായിരുന്നു"—വാ. 39:

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

a. ദൈവത്തിന്റെ ആത്മാവ് ആരംഭംമുതൽ ഉണ്ടായിരുന്നു (ഉല്പ. 1:2), എന്നാൽ ആത്മാവ് "ക്രിസ്തുവിന്റെ ആത്മാവായും" (റോമ. 8:9), "യേശു ക്രിസ്തുവിന്റെ ആത്മാവായും" (ഫിലി. 1:19), യോഹന്നാൻ 7:39-ന്റെ സമയത്ത് "അതുവരെ ഇല്ലായിരുന്നു", കാരണം കർത്താവായ യേശു അതുവരെ തേജസ്കരിക്കപ്പെട്ടിരുന്നില്ല.

ഉല്പ. 1:2 എന്നാൽ ഭൂമി പാഴും ശൂന്യവും ആയിത്തീർന്നു; ആഴത്തിന്മീതെ ഇരുൾ ഉണ്ടായിരുന്നു. ദൈവത്തിന്റെ ആത്മാവു വെള്ളത്തിൻ മീതെ പരിവർത്തിച്ചുകൊണ്ടിരുന്നു.

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല.

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

യോഹ. 7:39 എന്നാൽ ഇത് അവൻ തന്നിലേക്കു വിശ്വസിക്കുന്നവർ സ്വീകരിക്കാറായ ആത്മാവിനെക്കുറിച്ചായിരുന്നു പറഞ്ഞത്; യേശു തേജസ്കരിക്കപ്പെട്ടിട്ടില്ലാത്തതിനാൽ ആത്മാവ് അതുവരെ ഇല്ലായിരുന്നു.

b. കർത്താവായ യേശു ഉയിർത്തെഴുന്നേറ്റപ്പോൾ തേജസ്കരിക്കപ്പെടുകയും, ഈ തേജസ്കരണത്തിലൂടെ ദൈവത്തിന്റെ ആത്മാവ് ജഡാവതാരം ചെയ്യപ്പെട്ടവനും, ക്രൂശിക്കപ്പെട്ടവനും, ഉയിർത്തെഴുന്നേറ്റവനുമായ യേശു ക്രിസ്തുവിന്റെ ആത്മാവായിത്തീരുകയും ചെയ്തു—ലൂക്കൊ. 24:26; ഫിലി. 1:19.

ലൂക്കൊ. 24:26 ക്രിസ്തു ഈ കാര്യങ്ങൾ സഹിക്കുകയും തന്റെ തേജസ്സിലേക്കു പ്രവേശിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരുന്നില്ലയോ?

ഫിലി. 1:19 നിങ്ങളുടെ അപേക്ഷയാലും യേശു ക്രിസ്തുവിന്റെ ആത്മാവിന്റെ ധാരാളമായ സഹായത്താലും ഇത് എനിക്ക് രക്ഷയ്ക്കായി ഭവിക്കും എന്നു ഞാൻ അറിയുന്നു,

c. ജഡത്തിൽ ക്രിസ്തുവായിരുന്ന ഒടുക്കത്തെ ആദാം, പുനരുത്ഥാനത്തിൽ ജീവൻ- നൽകുന്ന ആത്മാവായിത്തീർന്നു; അപ്പോൾ മുതൽ, യേശു ക്രിസ്തുവിന്റെ ആത്മാവിന് ക്രിസ്തുവിന്റെ ജഡാവതാരത്തിന്റെയും, ക്രൂശുമരണത്തിന്റെയും, പുനരുത്ഥാനത്തിന്റെയും യാഥാർഥ്യം ഉൾപ്പെടെ ദിവ്യവും മാനുഷികവുമായ മൂലകങ്ങൾ ഉണ്ട്—1 കൊരി. 15:45; പ്രവൃ. 16:7; റോമ. 8:9.

1 കൊരി. 15:45 ... ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

പ്രവൃ. 16:7 അവർ മുസ്യയിൽ വന്നപ്പോൾ, ബിഥുന്യക്കു പോകുവാൻ ശ്രമിച്ചു, എങ്കിലും യേശുവിന്റെ ആത്മാവ് അവരെ അനുവദിച്ചില്ല.

റോമ. 8:9 എന്നാൽ ദൈവത്തിന്റെ ആത്മാവ് നിശ്ചയമായും നിങ്ങളിൽ വസിക്കുന്നു എങ്കിൽ, നിങ്ങൾ ജഡത്തിലല്ല ആത്മാവിലത്രേ ആകുന്നു. എങ്കിലും ഒരുവന് ക്രിസ്തുവിന്റെ, ആത്മാവില്ലെങ്കിൽ, അവൻ അവനിൽനിന്നുള്ളവനല്ല..

3. പരിണതിപ്രാപിച്ച ആത്മാവ് പുനരുത്ഥാനത്തിൽ പുത്രനാൽ ശിഷ്യന്മാരിലേക്ക് വിശുദ്ധ ശ്വാസമായി ഊതപ്പെട്ടു—യോഹ. 20:22:

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

a. ക്രിസ്തു ദൈവത്തിന്റെ കുഞ്ഞാടാകുവാൻ ജഡമായിത്തീർന്നുവെന്നും പുനരുത്ഥാനത്തിൽ അവൻ ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നുവെന്നും യോഹന്നാന്റെ സുവിശേഷം വെളിപ്പെടുത്തുന്നു; അങ്ങനെ, തന്റെ പുനരുത്ഥാനത്തിൽ അവൻ ശിഷ്യന്മാരിലേക്ക് പരിണതിപ്രാപിച്ച ആത്മാവായി അവനെത്തന്നെ ഊതി—1:29; 20:22.

യോഹ. 1:29 പിറ്റെന്നാൾ യേശു തന്റെ അടുക്കലേക്ക് വരുന്നത് കണ്ടിട്ട് അവൻ പറഞ്ഞു, ഇതാ, ലോകത്തിന്റെ പാപത്തെ നീക്കിക്കളയുന്ന ദൈവത്തിന്റെ കുഞ്ഞാട്!

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

b. ആത്മാവായാണ് അവൻ തന്റെ ശിഷ്യന്മാരിലേക്ക് ഊതപ്പെട്ടത്; ആത്മാവായാണ് അവന് ശിഷ്യന്മാരിൽ ജീവിക്കുവാനും അവനാലും അവനോടുകൂടെയും ജീവിക്കുവാൻ അവരെ പ്രാപ്തരാക്കുവാനും കഴിയുന്നതും, അവന് അവരിൽ വസിക്കുവാനും അവനിൽ വസിക്കുവാൻ അവരെ പ്രാപ്തരാക്കുകവാനും കഴിയുന്നതും—വാ. 22; 14:19-20; 15:4-5.

യോഹ. 20:22 ഇതു പറഞ്ഞശേഷം അവൻ അവരിലേക്ക് ഊതി, അവരോട്, പരിശുദ്ധാത്മാവിനെ കൈക്കൊള്ളുവിൻ.

യോഹ. 14:19 ഇനിയും അൽപനേരം കഴിഞ്ഞ്, ലോകം ഇനിമേൽ എന്നെ കാണുന്നില്ല, എന്നാൽ നിങ്ങൾ എന്നെ കാണുന്നു; ഞാൻ ജീവിക്കുന്നതിനാൽ നിങ്ങളും ജീവിക്കും.

യോഹ. 14:20 ആ നാളിൽ, ഞാൻ എന്റെ പിതാവിലും, നിങ്ങൾ എന്നിലും, ഞാൻ നിങ്ങളിലും, എന്ന് നിങ്ങൾ അറിയും.

യോഹ. 15:4 എന്നിൽ വസിക്കുവിൻ, ഞാൻ നിങ്ങളിൽ വസിക്കും. ശാഖയ്ക്ക് മുന്തിരിവള്ളിയിൽ വസിച്ചിട്ടല്ലാതെ, സ്വയമായി ഫലം കായ്ക്കുവാൻ കഴിയാത്തതുപോലെ, എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങൾക്കും കഴിയുകയില്ല.

യോഹ. 15:5 ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളും ആകുന്നു. ഒരുത്തൻ എന്നിലും ഞാൻ അവനിലും വസിക്കുന്നുവെങ്കിൽ, അവൻ വളരെ ഫലം കായ്ക്കുന്നു; എന്നെ പിരിഞ്ഞ് നിങ്ങൾക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല.

c. ശിഷ്യന്മാരിലേക്ക് തന്നെത്തന്നെ ഊതിയ ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവാണ്—1 കൊരി. 15:45.

1 കൊരി. 15:45 ...ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു..

B. ജീവൻ-നൽകുന്ന ആത്മാവ് അതിന്റെ ചേരുവകളോടുകൂടിയ സംയുക്ത അഭിഷേക തൈലത്താൽ മുൻകുറിക്കപ്പെടുന്ന സംയുക്ത ആത്മാവാണ്—പുറ. 30:23-25; 1 യോഹ. 2:20, 27:

പുറ. 30:23 മേത്തരമായ സുഗന്ധവർഗ്ഗമായി വിശുദ്ധമന്ദിരത്തിലെ തൂക്കപ്രകാരം അഞ്ഞൂറു ശേക്കെൽ അയഞ്ഞ മൂരും അതിൽ പാതി ഇരുനൂറ്റമ്പതു ശേക്കെൽ സുഗന്ധലവംഗവും ഇരുനൂറ്റമ്പതു ശേക്കെൽ വയമ്പും

പുറ. 30:24 അഞ്ഞൂറു ശേക്കെൽ വഴനത്തൊലിയും ഒരു ഹീൻ ഒലിവെണ്ണയും എടുത്തു

പുറ. 30:25 തൈലക്കാരന്റെ വിദ്യപ്രകാരം ചേർത്തുണ്ടാക്കിയ വിശുദ്ധമായ അഭിഷേക തൈലമാക്കേണം; അതു വിശുദ്ധമായ അഭിഷേക തൈലമായിരിക്കേണം.

1 യോഹ. 2:20 വിശുദ്ധനായവനിൽനിന്ന് നിങ്ങൾക്ക് അഭിഷേചനം ഉണ്ടല്ലോ, നിങ്ങൾ എല്ലാവരും അറിയുകയും ചെയ്യുന്നു.

1 യോഹ. 2:27 നിങ്ങൾക്കോ, അവനിൽനിന്നു പ്രാപിച്ച അഭിഷേചനം നിങ്ങളിൽ വസിക്കുന്നു, ആരും നിങ്ങളെ ഉപദേശിക്കേണ്ട ആവശ്യവുമില്ല; എന്നാൽ അവന്റെ അഭിഷേചനം സകല കാര്യങ്ങളെയും കുറിച്ച് നിങ്ങളെ ഉപദേശിക്കുന്നതുപോലെ, അതു കളവല്ല സത്യം ആകുന്നു, അതു നിങ്ങളെ ഉപദേശിച്ചതു പോലെ അവനിൽ വസിക്കുവിൻ.

1. ഒലിവെണ്ണ ദിവ്യത്വത്തോടുകൂടെയുള്ള ദൈവത്തിന്റെ ആത്മാവിനെ സൂചിപ്പിക്കുന്നു.
2. മൂര് ക്രിസ്തുവിന്റെ വിലയേറിയ മരണത്തെ സൂചിപ്പിക്കുന്നു.
3. ലവംഗം ക്രിസ്തുവിന്റെ മരണത്തിന്റെ മാധുര്യത്തെയും ഫലപ്രാപ്തിയെയും സൂചിപ്പിക്കുന്നു.
4. വയമ്പ് ക്രിസ്തുവിന്റെ വിലയേറിയ പുനരുത്ഥാനത്തെ സൂചിപ്പിക്കുന്നു.
5. വഴനത്തൊലി ക്രിസ്തുവിന്റെ പുനരുത്ഥാനത്തിന്റെ വികർഷിക്കുന്ന ശക്തിയെ സൂചിപ്പിക്കുന്നു.

C. ജീവൻ-നൽകുന്ന ആത്മാവ്, വിശ്വാസികളുടെ ചയാപചയപരമായ രൂപാന്തരത്തിനുവേണ്ടിയും ക്രിസ്തുവിന്റെ ശരീരത്തിന്റെ വളർച്ചയ്ക്കും കെട്ടുപണിക്കുംവേണ്ടിയുമുള്ള ശ്വാസക്രിസ്തുവായ, കർത്താവായ ആത്മാവാകുന്നു—2 കൊരി. 3:17-18; 1 കൊരി. 3:6, 9, 12; എഫെ. 4:16.

2 കൊരി. 3:17 കൂടാതെ കർത്താവ് ആത്മാവാകുന്നു; കർത്താവിന്റെ ആത്മാവ് എവിടെയോ, അവിടെ സ്വാതന്ത്ര്യമുണ്ട്.

2 കൊരി. 3:18 എന്നാൽ ഞങ്ങൾ എല്ലാവരും മൂടുപടം നീങ്ങിയ മുഖത്തോടെ, കർത്താവിന്റെ തേജസ്സിനെ കണ്ണാടിപോലെ നോക്കുകയും പ്രതിബിംബിക്കുകയും ചെയ്തുകൊണ്ട്, കർത്താവായ ആത്മാവിൽ നിന്നെന്നപോലെ, തേജസ്സിൽ നിന്ന് തേജസ്സ് പ്രാപിച്ച് അതേ സ്വരൂപത്തിലേക്ക് രൂപാന്തരപ്പെടുന്നു.

1 കൊരി. 3:6 ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമത്രേ വളരുമാറാക്കിയത്.

1 കൊരി. 3:9 ഞങ്ങൾ ദൈവത്തിന്റെ കൂട്ടുവേലക്കാർ; നിങ്ങൾ ദൈവത്തിന്റെ കൃഷിയിടം, ദൈവത്തിന്റെ കെട്ടിടം.

1 കൊരി. 3:12 എന്നാൽ അടിസ്ഥാനത്തിന്മേൽ ആരെങ്കിലും പൊന്ന്, വെള്ളി, വിലയേറിയ കല്ലുകൾ... എന്നിവകൊണ്ട് പണിയുന്നു എങ്കിൽ,

എഫെ. 4:16 അവനിൽനിന്ന് ശരീരം മുഴുവനും, സമ്പന്ന സഹായത്തിന്റെ സകല സന്ധിയിലൂടെയും ഓരോ അംഗത്തിന്റെ അളവിലുള്ള, വ്യാപാരത്തിലൂടെയും കൂട്ടിച്ചേർക്കപ്പെട്ടും കൂട്ടിയിണയ്ക്കപ്പെട്ടുംകൊണ്ട്, സ്നേഹത്തിൽ അതിന്റേതന്നെ കെട്ടുപണിക്കായി ശരീരത്തിന്റെ വളർച്ചയ്ക്ക് ഇടയാക്കുന്നു.

D. സാധാരണ ക്രിസ്തീയ ജീവിതം ആത്മാവിനെ നാം അറിയുകയും അനുഭവമാക്കുകയും ചെയ്യുന്നതിനെ ആശ്രയിച്ചിരിക്കുന്നു; ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവായിരിക്കാതെ, അവന്റെ വ്യവസ്ഥയിൽ നമുക്ക് ദൈവത്തിന്റേതായ യാതൊന്നും അനുഭവിക്കുവാൻ കഴിയുകയില്ല—1 യോഹ. 5:6; യോഹ. 16:13; 1 കൊരി. 15:45; 2:10; 6:17.

1 യോഹ. 5:6 ഇവനാകുന്നു ജലത്തിലൂടെയും രക്തത്തിലൂടെയും വന്നവൻ, യേശു ക്രിസ്തു; ജലത്തിൽ മാത്രമല്ല, ജലത്തിലും രക്തത്തിലും വന്നവൻ; ആത്മാവാകുന്നു സാക്ഷ്യപ്പെടുത്തുന്നവൻ, ആത്മാവ് യാഥാർഥ്യമല്ലോ.

യോഹ. 16:13 എന്നാൽ യാഥാർഥ്യത്തിന്റെ ആത്മാവു വരുമ്പോൾ, അവൻ നിങ്ങളെ സകല യാഥാർഥ്യത്തിലേക്കും വഴിനടത്തും; എന്തെന്നാൽ അവൻ അവനിൽനിന്ന് സംസാരിക്കാതെ അവൻ കേൾക്കുന്നത് സംസാരിക്കും; അവൻ വരുവാൻ പോകുന്ന കാര്യങ്ങൾ നിങ്ങളോട് പ്രഖ്യാപിക്കുകയും ചെയ്യും.

1 കൊരി. 15:45 അങ്ങനെ, “ഒന്നാം മനുഷ്യനായ ആദാം ജീവനുള്ള ദേഹി ആയിത്തീർന്നു” എന്ന് എഴുതിയിരിക്കുന്നു; ഒടുക്കത്തെ ആദാം ജീവൻനൽകുന്ന ആത്മാവ് ആയിത്തീർന്നു.

1 കൊരി. 2:10 എന്നാൽ ദൈവം അവ നമുക്ക് ആത്മാവ് മുഖാന്തരം വെളിപ്പെടുത്തിയിരിക്കുന്നു, ആത്മാവ് സകല കാര്യങ്ങളെയും, ദൈവത്തിന്റെ ആഴങ്ങളെപ്പോലും തിരയുന്നു.

1 കൊരി. 6:17 എന്നാൽ കർത്താവിനോടു പറ്റിച്ചേരുന്നവൻ അവനുമായി ഏകാത്മാവ് ആകുന്നു.